*ആഗസ്റ്റ് 25ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവർമെണ്ട് നൂറുദിവസം പൂർത്തിയാക്കുകയാണ്. ഈ വേളയിൽ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ എഴുതിയ ഒരു ലേഖനം പ്രസിദ്ധീകരണത്തി നായി അയക്കുന്നു. ആഗസ്റ്റ് 25ന്റെ പത്രത്തിൽ പ്രസിദ്ധീകരിക്കാൻ തല്പര്യപ്പെട്ടാണ് അയക്കുന്നത്.*

# ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവർമെണ്ടിന്റെ 100 ദിവസം

വി.എസ്.അച്യുതാനന്ദൻ

നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും വടക്കേ അറ്റത്ത് എൻഡോസൾഫാൻ ബാധയേറ്റ് രോഗികളായി മരിച്ച നൂറ്റിമുപ്പത്തിയഞ്ച് പേരുടെ കുടുംബങ്ങൾക്ക് സഹായധനം നൽകുന്ന ചടങ്ങിലാണ് ഞാൻ ഇന്നലെ പങ്കെടുത്തത്. 'എൻഡോസൾഫാൻ ബാധിത മേഖലയിൽ ഞാൻ ആഗസ്റ്റ് 11ന് സന്ദർശിക്കുകയുണ്ടായി. മരിച്ചവരുടെ കുടുംബങ്ങൾക്ക് അരലക്ഷം രൂപ സഹായധനം അന്ന് പ്രഖ്യാപിച്ചു. കഴിഞ്ഞ പതിനാറാം തീയതി ചേർന്ന ക്യാബിനറ്റ് യോഗം അതിനുള്ള പണം അനുവദിച്ചു. ഇന്നലെ അത് വിതരണം ചെയ്യാൻ തുടങ്ങി.

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവർമെണ്ട് തീരുമാനങ്ങളെടുക്കുന്നതിലും നടപ്പാക്കുന്നതിലും പ്രകടിപ്പിക്കുന്ന ആത്മാർത്ഥതയും വേഗതയും ഇതിൽ വ്യക്തമാണ്. ഭരണത്തിന്റെ നൂറ് ദിവസം പൂർത്തിയാക്കുമ്പോൾ ഏറ്റവും അഭിമാനത്തോടെ അത് എടുത്തു പറയാൻ കഴിയും. കേരളത്തിലെ ജനങ്ങൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായ ഇടപെടൽ നടത്താൻ ഇതിനകം തന്നെ സർക്കാരിന് കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ ജനകീയ താല്പര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് സമഗ്രമായ വികസന പദ്ധതികൾക്ക് ശ്രമം തുടങ്ങിയിരിക്കുന്നു.

കഷ്ടപ്പാടനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് പിടിച്ചു നിൽക്കുന്നതിന് സഹായമെത്തിക്കാൻ കഴിഞ്ഞിരിക്കുന്നു. നൂറ് ദിവസം പൂർത്തിയാക്കുന്നതിന് രണ്ട് ദിവസം മുമ്പ് തിരുവനന്തപുരത്ത് സപ്ലൈകോ സംഘടിപ്പിച്ച ചടങ്ങിൽ ഞാൻ പങ്കെടുക്കുകയുണ്ടായി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഇരുപത് ലക്ഷത്തോളം കുടുംബങ്ങൾക്ക് സൗജന്യമായി ഓണക്കിറ്റ് നൽകുന്നതിന്റെ

ഉദ്ഘാടനം. ഒരു കിലോ അരിയും അരക്കിലോ പഞ്ചസാരയും കാൽകിലോ വെർമിസെല്ലിയും കൊണ്ട് എന്ത് ഓണം എന്ന് ചോദിക്കാം. പക്ഷെ നമ്മുടെ നാട്ടിലെ ഏറ്റവും പാവപ്പെട്ട ജനവിഭാഗത്തിന് ഈ ഓണത്തിന് അത്രയെങ്കിലും നൽകാനായെന്നത് ചാരിതാർത്ഥ്യജനകമല്ലേ; ഒരു പുതിയ കാര്യമല്ലേ അത്.

ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതി തള്ളുകയും കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തു കഴിഞ്ഞു. ജപ്തി നടപടി നിർത്തി വെച്ചു. കാർഷിക കടങ്ങളുടെ പലിശ മൂന്നുശതമാനത്തോളം കുറച്ചു. ഇതെല്ലാം ചെയ്തത് ബാങ്ക് മാനേജ്മെന്റുകളുമായി നിരന്തരമായ ചർച്ച നടത്തിയാണ്.

കഴിഞ്ഞ നൂറു ദിവസവും സർക്കാർ ഏറ്റവും ശ്രദ്ധ ചെലുത്തിയ രംഗം കൃഷിയാണ്. കടക്കെണിയിൽപെട്ട് നൈരാശ്യത്തിലാണ്ടുപോയ കൃഷിക്കാരെ മോചിപ്പിക്കുന്നതിനാണ് സർക്കാർ പരമപ്രാധാന്യം നൽകിയത്. ആത്മഹത്യ ചെയ്ത 549 കൃഷിക്കാരിൽ നൂറിൽപ്പരം പേരുടെ കുടുംബങ്ങൾക്കാണ് യു.ഡി.എഫ്. ഭരണകാലത്ത് സഹായം നൽകിയത്. നാന്നൂറിൽപ്പരം പേരുടെ കുടുംബങ്ങൾക്ക് ഒരു സഹായവും അക്കാലത്ത് നൽകിയില്ല. ആ കുടുംബങ്ങൾക്ക് അരലക്ഷം രൂപ വീതം ഓണത്തിന് മുമ്പ് വിതരണം ചെയ്യാൻ പണം അനുവദിച്ചു കഴിഞ്ഞു.

കടക്കെണിയിൽപ്പെട്ട് നട്ടം തിരിയുന്ന കർഷകരെ രക്ഷിക്കാൻ കാർഷിക കടാശ്വാസ കമ്മീഷനും കാർഷിക വിലസ്ഥിരതാ കമ്മീഷനും രൂപീകരിക്കുന്നതിന് നടപടികൾ പൂർത്തിയായി വരുന്നു.

വയനാട്, കാസർകോട്, പാലക്കാട് ജില്ലകൾക്ക് വിദർഭ മോഡൽ പാക്കേജ് അനുവദിക്കുമെന്ന് കേന്ദ്രസർക്കാരിനെക്കൊണ്ട് സമ്മതിപ്പിക്കാൻ കഴിഞ്ഞതും ഈ കാലയളവിലെ പ്രധാനകാര്യമാണ്. ഇടുക്കി, ആലപ്പുഴ ജില്ലകളെ കൂടി പാക്കേജിൽ ഉൾപ്പെടുത്തണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ദില്ലിയിൽച്ചെന്ന് പ്രധാനമന്ത്രിയെയും കൃഷിമന്ത്രിയേയും കണ്ട് സമ്മർദ്ദം ചെലുത്തിയാണ് വിദർഭാ മോഡൽ പാക്കേജ് നൽകാമെന്ന് സമ്മതിപ്പിച്ചത്. എന്നാൽ ഇതേവരെ അത് യാഥാർത്ഥ്യമായിട്ടില്ല. അതിന്റെ ഒരു ഭാഗം മാത്രമാണ് പ്രഖ്യാപിക്കപ്പെട്ടത്. പൂർണ്ണമായ പാക്കേജിന്റെ കാര്യത്തിൽ ചാഞ്ചാട്ടമുണ്ടാകാതിരിക്കാൻ കേരളത്തിലെ എം.പി.മാർ നട ത്തുന്ന ശ്രമങ്ങൾ ശ്രദ്ധേയമാണ്.

യു.ഡി.എഫ്. ഭരണകാലത്ത് പതിനൊന്ന് മാസത്തോളം കുടിശ്ശികയായിരുന്നു കർഷക തൊഴിലാളി പെൻഷൻ. കർഷക തൊഴിലാളി പെൻഷൻ കുടിശ്ശിക ഒന്നിച്ച് വിതരണം ചെയ്യാൻ പണം അനുവദിച്ചിരിക്കുകയാണിപ്പോൾ. അതുപോലെ മറ്റ് പെൻഷനുകളും ദുരിതാശ്വാസ സഹായങ്ങളും നൽകുന്നു.

കടക്കെണിയും നൈരാശ്യവും വിദ്യാഭ്യാസ മേഖലയുടെ കൂടി ദുരവസ്ഥയാണിന്ന്. അത് മാറ്റിയെടുക്കാൻ നിരന്തരശ്രമം നടത്തി വരികയാണ്. ഈ സർക്കാർ വന്ന് ഒന്നരമാസത്തിനകം തന്നെ സ്വാശ്രയ പ്രൊഫഷണൽ കോളേജ് നിയമം പാസാക്കി. ഉന്നത വിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതിയും മെറിറ്റും ഉറപ്പാക്കുന്നതിനുള്ള ആ നിയമത്തിനൊപ്പമാണ് കേരളത്തിന്റെ മനസ്സ്; പ്രതീക്ഷ. എന്നാൽ അത് നടപ്പാകണമെങ്കിൽ കോടതിയുടെ സമ്മതം കൂടി വേണമെന്ന നിലയാണിപ്പോൾ.

സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനുതകുന്ന നിരവധി പദ്ധതികൾക്ക് തുടക്കം കുറിക്കുന്നതിനുള്ള നടപടികൾ ഇക്കഴിഞ്ഞ നൂറു ദിവസത്തിനകം പുരോഗമിച്ചുവരികയാണ്. വല്ലാർപ്പാടം കണ്ടെയിനർ ടെർമിനൽ പദ്ധതിയുടെ റോഡ് കണക്ടിവിറ്റിക്ക് പരിസ്ഥിതി അനുമതി നേടിയെടുത്തു. റെയിൽ കണക്ടിവിറ്റിക്ക് തടസ്സം നിൽക്കുന്ന കാര്യങ്ങൾ തീർക്കാൻ തീവ്രശ്രമം നടക്കുന്നു. വിഴിഞ്ഞം തുറമുഖ വികസന പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നുണ്ടായ തടസ്സം നീക്കാൻ ശ്രമം നടക്കുന്നു. അതിന്റെ ഭാഗമായി സർവ്വകക്ഷി യോഗം ചേർന്ന് പ്രമേയം അംഗീകരിച്ചു. 31-ാം തീയതി സർവ്വകക്ഷി പ്രതിനിധി സംഘം ദില്ലിയിൽച്ചെന്ന് പ്രധാനമന്ത്രിയെ കാണുന്നു - എല്ലാ കാര്യത്തിലും അല്പം പോലും അമാന്തിക്കാതെയാണ് കാര്യങ്ങൾ നീക്കുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാകും.

കൊല്ലം-കോട്ടപ്പുറം ജലപാതാ വികസന പദ്ധതി സംസ്ഥാനത്തിന്റെ വികസനത്തിന് ഏറെ സഹായകമായ സംരംഭമാണ്. ആ പദ്ധതി പൂർത്തിയാകുന്നതിന് നിരവധി തടസ്സങ്ങളുണ്ട്. ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ ചെയർമാൻ, വൈസ്ചെയർമാൻ എന്നിവരുമായി നടത്തിയ ചർച്ചയെ തുടർന്ന് തടസ്സങ്ങൾ നീക്കി മൂന്ന് നാല് മാസത്തിനകം പ്രവൃത്തി തുടരാൻ ധാരണയായി. തിരുവനന്തപുരം വിമാനത്താവള വികസനത്തിനും വിമാനത്താവളത്തോടനുബന്ധിച്ച് എയർക്രാഫ്റ്റ് മെയിന്റനൻസ് യൂണിറ്റ് സ്ഥാപിക്കാനും തീരുമാനമായി. ഇതിനൊക്കെ പുറമേ തിരുവനന്തപുരത്ത് ഐഐടി കേന്ദ്രം സ്ഥാപിക്കാനും തീരുമാനമായി.

സംസ്ഥാനത്ത് ഐടിരംഗത്ത് നിക്ഷേപിക്കാൻ നിരവധി കമ്പനികൾ മുന്നോട്ടു വരികയാണ്. അഞ്ചുകൊല്ലത്തിനകം രണ്ടുലക്ഷം പേർക്ക് ഐടി രംഗത്ത് തൊഴിൽ നൽകുമെന്ന എൽ.ഡി.എഫിന്റെ വാഗ്ദാനം കാലാവധിക്ക് മുമ്പേ തന്നെ യാഥാർത്ഥ്യമാകും. അതിനുള്ള ചർച്ചകൾ നടന്നു വരികയാണ്. സ്മാർട്സിറ്റി പദ്ധതി നടപ്പാക്കുന്നതിന് ടീക്കോം അധികൃതരുമായി ഏതാനും ആഴ്ചകൾക്കകം കരാറിലെത്താൻ കഴിയുമെന്നാണ് പ്രതീക്ഷ. ഇൻഫോപാർക്ക് വിട്ടുകൊടുക്കാതെ, കൊച്ചിയിൽ മറ്റ് ഐടി പാർക്കുകൾ പാടില്ലെന്ന നിബന്ധനയില്ലാതെ, നമ്മുടെ പരമാധികാരം ഉറപ്പിച്ചുകൊണ്ടുള്ള കരാർ. അതോടൊപ്പം ഇൻഫോപാർക്ക് വിപുലീകരിച്ച് രണ്ടു കൊല്ലത്തിനകം കാൽലക്ഷം പേർക്ക് തൊഴിൽ നൽകാൻ നടപടികൾ തുടങ്ങിയിട്ടുണ്ട്. കയർ, കൈത്തറി, കശുവണ്ടി, മത്സ്യം, തോട്ടം, ഖാദി, ബീഡി തുടങ്ങി പരമ്പരാഗത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനും സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ബജറ്റിൽ അതിനായി തുക നീക്കിവെച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന് വിശദമായ ചർച്ച നടത്തി പദ്ധതികളാവിഷ്കരിച്ചു. 25 ചെറുകിട ജലവൈദ്യുതി പദ്ധതികൾ തുടങ്ങുന്നതിന് തീരുമാനിച്ചു. സമയബന്ധിതമായി പൂർത്തിയാക്കുന്ന ഈ പദ്ധതികൾ വഴി 431 മെഗാവാട്ട് വൈദ്യുതി ലഭ്യമാകും. ടൂറിസം രംഗത്ത് ആയിരം കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുന്നതിന് പ്രാരംഭനടപടികൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. 39 ടൂറിസം പദ്ധതികൾക്ക് ഇതിനകം തന്നെ അനുമതി നൽകി.

ആരോഗ്യരംഗത്ത് സർക്കാർ ആശുപത്രികളെ പൂട്ടിക്കുന്നതിനുള്ള നടപടികളാണ് യു.ഡി.എഫ്. ഭരണകാലത്ത് സ്വീകരിച്ചത്. അതിൽനിന്നു മാറി സർക്കാർ ആശുപത്രികളെ കാര്യക്ഷമമാക്കാൻ നടപടികളെടുത്തു. തിരുവനന്തപുരം മെഡിക്കൽ കോളേജിന് നൂറുകോടി രൂപയുടെ കേന്ദ്രസഹായം നേടിയെടുത്തു. അതോടൊപ്പം മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളുടെ വികസനത്തിന് സംസ്ഥാന സർക്കാർ പദ്ധതികളാവിഷ്കരിച്ചു. സംസ്ഥാനത്തെ നൂറ്റിപ്പതിനഞ്ചോളം വരുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ അതിവിപുലമായ പദ്ധതിക്ക് രൂപം അത് ഈ മാസം തന്നെ ആരംഭിക്കും.

വ്യാജമദ്യോല്പാദനവും വിതരണവും തടയുന്നതിന് അതിശക്തമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞു. മുമ്പ് നിർബാധം നടന്ന സ്പിരിറ്റ് ഒഴുക്ക് ഒരു പരിധിവരെ തടയാൻ കഴിഞ്ഞിരിക്കുന്നു.

ട്രോളിംഗ് നിരോധന കാലത്ത് പണി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ നൽകി. നാല്പതിനായിരം കുടുംബങ്ങൾക്കാണ് അതിന്റെ ഗുണം ലഭിച്ചത്. 18 വർഷമായുള്ള മുറവിളിക്കാണങ്ങനെ പരിഹാരം കണ്ടത്. ആദിവാസി മേഖലയിൽ ആഴ്ചകളായി സൗജന്യ റേഷൻ നൽകിവരുന്നു. സ്വന്തമായി ഭൂമിയില്ലാത്തതിനാൽ ഭൂമി 'കയ്യേറി' കുടിൽവെച്ചു താമസിക്കുന്ന മൂവായിരത്തോളം കുടുംബങ്ങൾക്ക് കൈവശരേഖ നൽകാൻ നടപടികളെടുത്തു.

ഇതെല്ലാം കഴിഞ്ഞ നൂറുദിവസത്തിനകം ചെയ്ത നടപടികളിൽ ഏതാനും ചിലതു മാത്രമാണ്. പെപ്സി–കൊക്കകോള കമ്പനികളുടെ ജലചൂഷണവും അന്തരീക്ഷ മലിനീകരണവും വർഷങ്ങളായി ഇവിടെ പ്രശ്നം സൃഷ്ടിക്കുന്നു. കോളകളുടെ ചൂഷണത്തിനും അത് സൃഷ്ടിക്കുന്ന അധിനിവേശ സംസ്കാരത്തിനുമെതിരെ ലോകമെങ്ങും വികാരമുയരുന്നു. പെപ്സികോളയുടെയും കൊക്കകോളയുടെയും ഉല്പാദനവും വിതരണവും വില്പനയും അപ്പാടെ നിരോധിക്കാൻ എൽ.ഡി.എഫ്. സർക്കാർ ധൈര്യം കാട്ടി. മറ്റൊരു സർക്കാരിനും ഇങ്ങനെയൊരു തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല.

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കോളിളക്കം സൃഷ്ടിച്ച പെൺവാണിഭ കേസുകളുടെ കാര്യത്തിലും എൽ.ഡി.എഫ്. സർക്കാർ ശക്തമായ നിലപാടെടുത്തു. കിളിരൂർ കേസിൽ സിബിഐ സമർപ്പിച്ച കുറ്റപത്രം നിശിതമായ വിമർശനത്തോടെ നിരസിക്കുകയാണ് കോടതി ചെയ്തത്. ആ കേസ് സിബിഐയുടെ ഉന്നതതലസംഘം അന്വേഷിക്കണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രിക്ക് കത്തയച്ചു. കവിയൂർ കേസും കിളിരൂർ കേസിനൊപ്പം തന്നെ ഉന്നതതല സിബിഐ സംഘം അന്വേഷിക്കണമെന്ന ആവശ്യവും ഉന്നയിച്ചു. കിളിരൂരിൽ പെൺവാണിഭക്കാർ ശാരിയെ ഇഞ്ചിഞ്ചായി കൊലചെയ്തു. ശാരിയുടെ കുഞ്ഞിന്റെ സംരക്ഷണത്തിന് രണ്ടു ലക്ഷം രൂപ സർക്കാർ നൽകി. കവിയൂരിൽ ആത്മഹത്യ ചെയ്ത നാരായണൻ നമ്പൂതിരിയുടെ കുടുംബത്തിൽ അവശേഷിക്കുന്ന മുത്തശ്ശിക്ക് ഒരു ലക്ഷം രൂപ സഹായധനം അനുവദിച്ചു. ഐസ്ക്രീം കേസിൽ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു എന്ന കാര്യവും പ്രസക്തമാണ്.

ക്രമസമാധാന പാലനം കാര്യക്ഷമമാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞു. പോലീസിനെ കണ്ട് പേടിച്ചോടി ആറ്റിൽച്ചാടിയും മറ്റും ഏതാനും പേർ മരിച്ച സംഭവത്തിലും കസ്റ്റഡിയിലിരിക്കെയുണ്ടായ മരണങ്ങളിലും ഉടൻതന്നെ നടപടിയെടുത്തതിന് പുറമേ, ജുഡീഷ്യൽ അന്വേഷണത്തിന് തീരുമാനിച്ചത് പുതിയൊരു സമീപനമാണ് കാണിക്കുന്നത്. പോലീസുകാരുടെ പതിറ്റാണ്ടുകളായുള്ള ആവശ്യമാണ് അർഹമായ പ്രൊമോഷൻ. പതിനഞ്ച് വർഷം സർവ്വീസുള്ള കോൺസ്റ്റബിൾമാരെ ഹെഡ്കോൺസ്റ്റബിൾമാരായും 23 വർഷം സർവ്വീസുള്ള ഹെഡ്കോൺസ്റ്റബിൾമാരെ എ.എസ്.ഐമാരായും പ്രമോട്ടു ചെയ്തുകൊണ്ട് അവർക്ക് നീതി നൽകാൻ സർക്കാരിന് കഴിഞ്ഞു.

നൂറ് ദിവസം പൂർത്തിയാക്കുന്ന വേളയിൽ ഒരു കാര്യം എടുത്തു പറയാം. അഴിമതിരഹിതവും ദുരിതരഹിതവുമായ ഒരു കേരളം – ആ ലക്ഷ്യത്തോടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുവെച്ച പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ ഒന്നൊന്നായി നിറവേറ്റിക്കൊണ്ട് സർക്കാർ മുന്നോട്ടു പോകുന്നു. സംശുദ്ധവും വികസനോന്മുഖവുമായ ഒരു ഭരണത്തിന് അടിത്തറ പാകാൻ ഇതിനകം തന്നെ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്.